**Kerala Catholic Bishops' Council (KCBC)**
Secretariat, Pastoral Orientation Centre, PB No.2251, Palarivattom, Kochi-682025, Kerala, India
Tel +91-484-2805722, 2805815, Fax: +91-484-2806214
E-mail: kcbc@kcbc.in, www.kcbc.in

14.5.2016

All Kerala Press Release
*Ref:531/KCBC/K-6/KPR/DS*

## സമ്മതിദാനാവകാശം ജാഗ്രതയോടെ വിനിയോഗിക്കണം: കെസിബിസി

കൊച്ചി: നിയമസഭാ തെരഞ്ഞെടുപ്പില്‍ സമ്മതിദാനാവകാശം വിനിയോഗിക്കുന്നതില്‍ ഓരോ വ്യക്തിയും ജാഗ്രത പലുര്‍ത്തണമെന്ന് കെസിബിസി. മതേതരത്വവും ബഹുസ്വരതയും കാത്തുസൂക്ഷിക്കുന്നവര്‍ അധികാരത്തില്‍ വരണമെന്നും വര്‍ഗീയതയുടെയും അസഹിഷ്ണുതയുടെയും രാഷ്ട്രീയത്തെ അകറ്റി നിറുത്താന്‍ കഴിയണമെന്നും കെസിബിസി സെക്രട്ടേറിയറ്റിന്റെയും ഐക്യജാഗ്രതാസമിതിയുടെയും പിഒസിയില്‍ ചേര്‍ന്ന യോഗം വിലയിരുത്തി. അക്രമവും സര്‍വാധിപത്യ പ്രവണതയും പ്രവര്‍ത്തനശൈലിയാക്കുന്ന പാര്‍ട്ടികളെ അധികാരത്തിലേറ്റുന്നത് ജനാധിപത്യത്തെ ദുര്‍ബലമാക്കും.

എല്ലാ വിഭാഗം ജനങ്ങളെയും ഉള്‍ക്കൊള്ളുന്ന സമഗ്ര വികസനനയവും, പാവങ്ങളോടും പ്രകൃതിയോടും കരുതലുള്ള സമീപനവുമുള്ളവരെയാണ് തെരഞ്ഞെടുക്കേണ്ടത്. തെരഞ്ഞെടുക്കപ്പെടുന്നവര്‍ സമൂഹത്തിന്റെ ധാര്‍മ്മിക നിലവാരമുയര്‍ത്തുന്നതില്‍ തല്പരരും മദ്യത്തിനും മയക്കുമരുന്നിനും കള്ളക്കടത്തിനുമെതിരെ നിലപാടെടുക്കുന്നവരുമാകണം. ഇക്കാര്യങ്ങളില്‍ ഇരട്ടത്താപ്പു പുലര്‍ത്തുന്നവരെ തിരിച്ചറിയണം.

ഏതുപാര്‍ട്ടി അധികാരത്തില്‍ വന്നാലും അധികാരത്തിലെത്തുന്നവരുടെ അഴിമതിക്കും പക്ഷപാതത്തിനുമെതിരെ അവരെ അധികാരത്തിലേറ്റിയ ജനം നിതാന്ത ജാഗ്രത പുലര്‍ത്തേണ്ടത് ആവശ്യമാണെന്നും യോഗം വിലയിരുത്തി.

**ഫാ. വര്‍ഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറല്‍,
ഔദ്യോഗികവക്താവ്, കെസിബിസി/
ഡയറക്ടര്‍, പി.ഒ.സി.

**ഫാ. സാജു സി. എസ്. റ്റി**
സെക്രട്ടറി, കെസിബിസി സോഷ്യല്‍
ഹാര്‍മണി ആന്റ് വിജിലന്‍സ് കമ്മീഷന്‍

PRESIDENT
CARDINAL BASELIOS CLEEMIS
Major Archbishop - Catholicos
Major Archbishop's House,
Pattom, Trivandrum 695 004

VICE-PRESIDENT
MAR JOSEPH PERUMTHOTTAM
Archbishop's House,
Changanassery 686 101

SECRETARY GENERAL
BISHOP JOSEPH KARIYIL
Bishop's House, Fort Kochi
Kochi 682 001

DEPUTY SECRETARY GENERAL
FR. VARGHESE VALLIKKATT
Pastoral Orientation Centre
P.B. No. 2251, Kochi 682 025